# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 340 14.10.2011 - ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) നൂലിനും അസംസ്കൃത വസ്തുക്കൾക്കും വില വർദ്ധിച്ചതോടെ കൈത്തറി നെയ്ത്ത് വ്യവസായം തകർച്ചയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. നൂലിന്റെ വിലവർദ്ധിച്ചതു കാരണം കൈത്തറി മേഖലയിൽ പ്രതിസന്ധി രൂപപ്പെട്ടിട്ടുണ്ടെങ്കിലും ഒരു വലിയ തകർച്ച വന്നിട്ടില്ല. |
| (ബി) കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിന് പുതിയ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ബി) കൈത്തറി വ്യവസായത്തെ രക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1)അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3) ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റ് നൽകുന്നു.<br>4) കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.<br>5) ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. |

6) ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

7) കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.

8) കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

9) എൽ.ഐ.സിയും കേന്ദ്രഗവൺമെന്റും/ സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തു കാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു.

10) ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

11) കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.

12) പ്രാദേശിക ബ്രാൻഡുകളുടെ വികസനത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

13) കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

14) കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

.15) പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.

16) മിനിപ്രീലൂം പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനു പ്രോജക്ട് കോസ്റ്റിന്റെ 60% പ്രത്യേക ഓഹരി പങ്കാളിത്തമായി പരമാവധി 3 ലക്ഷം രൂപ വരെ നൽകുന്നു.

17) കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

18) അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.

19) മൂന്ന് സഹകരണ സ്പിന്നിംഗ് മില്ലുകളിൽ കഴിനൂൽ ഉൽപാദന കേന്ദ്രം സ്ഥാപിച്ചു.

20) കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**